30
ആഗസ്റ്റ് 2023
ബുധൻ
Pages- 5
Vol. 2 Issue 208

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission

577



# ചന്ദ്രനിൽ സൾഫർ സാന്നിധ്യം: ചന്ദ്രയാൻ 3

സൾഫറിന് പുറമെ അലുമിനിയം, കാത്സ്യം, അയേൺ, ക്രോമിയം, ടൈറ്റാനിയം, മാംഗനീസ്, സിലിക്കൺ, ഓക്സിജൻ എന്നീ മൂലകങ്ങളുടെ സാന്നിധ്യവും പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്

പേജ് 3



## പ്രാർത്ഥന സഫലീകരണത്തിന് നന്ദി സൂചകമായി ഇംഗ്ലണ്ടിൽ ക്രൈസ്തവ സ്മാരകം ഒരുങ്ങുന്നു

എഡിറ്റോറിയൽ

ക്രിസ്ത്യൻ ലൈവ്

2023 ആഗസ്റ്റ് 30 ബുധൻ



# വേണം ! എല്ലാ ദിവസവും ഓണം!!

ആർപ്പും ആഘോഷവുമായി ഒരു ഓണക്കാലം കൂടി കഴിയുന്നു! പഞ്ഞ കർക്കിടകത്തിന് ശേഷമുള്ള വിളവെടുപ്പ് കാലമായിരുന്നു പണ്ട് മലയാളിക്ക് ഓണം!

അന്ന് ഓരോ വീടുകളിലും അപ്പനും അമ്മക്കും എട്ടും പത്തും മക്കൾ! മുഖ്യ തൊഴിൽ കൃഷിയായിരുന്നു ! ഇല്ലായ്മകളുടെ നാളുകളിൽ തോരാത്ത കണ്ണീരും പട്ടിണിയുമാകും കൂട്ട്! ചിങ്ങമാസത്തിലെ വിളവെടുപ്പ് കാലത്താകും കൂടുംബങ്ങളിൽ പൊട്ടിച്ചിരിയും സന്തോഷവും!

ഓണം നാളുകളിൽ ഊഞ്ഞാലുകൾ ആടും! വിഭവസമൃദ്ധമായ ഊണ് ! കുഴിപന്തുകളിയും കൂട്ടുകാരുമെല്ലാം അക്കാലത്തിന്റെ പ്രത്യേകതകളായിരുന്നു. ഇന്നതൊന്നുമില്ല!!

ആണ്ടിൽ ഒരിക്കൽ മലയാളിയെ കാണാനെത്തുന്ന മാവേലിയാണ് ഓണത്തിന് പിന്നിലെ ഐതിഹ്യം! മിത്തിന് പിന്നിലെ യുക്തി അളന്നതോടെ ചിലർ ഓണത്തിൽ നിന്നകന്നു; മറ്റു ചിലരാകട്ടെ, സവർണ്ണാധിപത്യം ഐതിഹ്യത്തിൽ മനപൂർവ്വം കുത്തി നിറയ്ക്കാൻ ശ്രമിച്ച് ഓണത്തെ വാമന ജയന്തിയാക്കി!ഏതായാലും പഴയ കൃഷിയും വിളവെടുപ്പും ഒന്നും ഇന്നില്ല! മക്കൾ പ്രവാസികളായി. കുടുംബങ്ങളിലെ കണ്ണീരുകൾ അവസാനിച്ചു.

മലയാള മണ്ണിലെ വീടുകളിൽ ആളും അനക്കവും ഇല്ലാതെയായതോടെ പഴയ ഓണകാലം അസ്തമിച്ചു! ബാക്കി നിൽക്കുന്നത് നാട്ടിൻപുറങ്ങളിലെ റെസിഡൻഷ്യൽ അസോസിയേഷനുകളുടെ അരങ്ങേറ്റം മാത്രം!!

ഇക്കാലത്ത് പ്രധാനമായും ഓണാഘോഷം സംഘടിപ്പിക്കുന്നത് വ്യവസായ ലോബികളും മാധ്യമങ്ങളുമാണ്.ഓണം എന്നല്ല ഏത് ഉത്സവവും നിലനിൽക്കേണ്ടത് വ്യവസായികളുടെ ആവശ്യമാണ്. സ്വന്തം നിലനിൽപിനുവേണ്ടി പോരാടുന്ന മാധ്യമങ്ങളുടെയും!പതിവുപോലെ സോഷ്യൽ മീഡിയയും ഓണത്തിന്റെ ആവേശത്തിലാണ്. അവരുടെ ഓണവിശേഷങ്ങൾക്കിടയിൽ എന്റെ കണ്ണ് എത്തിനിന്നത് ചില വഴിയോര കാഴ്ചകളിലാണ്.

തെരുവിന്റെ മക്കൾക്ക് ഒരു നേരത്തെ വിഭവ സമൃദ്ധമായ ആഹാരവുമായി എത്തിയ ചില സാമൂഹിക പ്രവർത്തകരായിരുന്നു താരം! അഗതികളെയും അശരണരെയും ഒരു നേരമെങ്കിലും ഊട്ടുവാൻ അവർ കാണിച്ച മനസ് മലയാളി ചർച്ച ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ ഓണത്തെ അനുകൂലിക്കുന്നവരുടെയും എതിർക്കുന്നവരുടെയും കണ്ണുകൾ തുറക്കണം!

ദൈവം നമുക്ക് നൽകിയിരിക്കുന്ന നന്മകളിൽ നിന്നും ഒരു നേരത്തെ വിഹിതമെങ്കിലും ആഹാരത്തിനായി അലയുന്നവർക്ക് വേണ്ടി ചെലവാക്കാൻ നാം തയ്യാറായാൽ എത്ര നന്നായിരിക്കും? സ്വർഗ്ഗം എത്ര സന്തോഷിക്കും? ഒരു പക്ഷേ ഒറ്റയ്ക്ക് അത് ചെയ്യാൻ പറ്റിയില്ലെങ്കിൽ, കുടുംബമായി, ചില കുടുംബങ്ങൾ ചേർന്ന്, കൂട്ടുകാർ ചേർന്ന്, ഒരു സംഘമായി, സംഘടനയായി ചിലത് ചെയ്യാൻ കഴിഞ്ഞാൽ...!

അല്ല; അതിന് അടുത്ത ഓണം വരെ ഇനി കാത്തിരിക്കണമെന്നുണ്ടോ? പകരം നല്ലൊരു മനസുണ്ടെങ്കിൽ ഓണക്കാലം മാത്രമല്ല, എല്ലാ ദിവസവും നമുക്ക് ഓണമാക്കാനാകില്ലേ? ചിന്തിക്കുക!!

ബ്ലസ്സിൻ ജോൺ മലയിൽ

# മിഡ്‌വെസ്റ്റ് റീജിയൻ പിവൈപിഎ കൺവെൻഷൻ

ഹൂസ്റ്റൺ: ഐപിസി മിഡ് വെസ്റ്റ് റീജിയൻ പിവൈപിഎ കൺവൻഷൻ സെപ്റ്റംബർ 1 മുതൽ 3 വരെ ഒക്ലഹോമയിൽ ഐപിസി ഹെബ്രോൻ സഭയിൽ നടക്കും.സുവിശേഷകൻ ആൽവിൻ ഉമ്മൻ പ്രസംഗിക്കും. വെള്ളി, ശനി ദിവസങ്ങളിൽ വൈകുന്നേരം 7നാണ് പൊതുയോഗം. ഞായറാഴ്ച രാവിലെ 9:30ന് നടക്കുന്ന ആരാധനയോടെ കൺവൻഷൻ സമാപിക്കും.

ഐപിസിയുടെ ഉത്തര അമേരിക്കയിലുള്ള ഏറ്റവും വലിയ റീജിയനുകളിൽ ഒന്നാണ് മിഡ്‌വെസ്റ്റ് റീജിയൻ. 23 സഭകളുള്ള ഈ റീജിയൻ ഡാളസ്, ഒക്കലഹോമ, ഹൂസ്റ്റൺ, സാൻഅന്റോണിയോ, ഓസ്റ്റിൻ എന്നീ പട്ടണങ്ങളിലുള്ള ഐ.പി.സി സഭകളുടെ ഐക്യകൂട്ടായ്മയാണ്. കൺവൻഷൻ സുഗമമായ നടത്തിപ്പിന് ഷോണി തോമസ് (പ്രസിഡണ്ട് ), വെസ്ലി ആലുംമൂട്ടിൽ (വൈസ് പ്രസിഡണ്ട്), അലൻ ജെയിംസ് (സെക്രട്ടറി), വിന്നി ഫിലിപ്പ് (ജോയിൻറ് സെക്രട്ടറി), റോഷൻ വർഗീസ് (ട്രഷറർ), ജോൺ കുരുവിള (മീഡിയ കോ ഓർഡിനേറ്റർ) എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മിറ്റി പ്രവർത്തിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് (972) 8141213 (പ്രസിഡണ്ട്); (972)876 8369 (മീഡിയ കോഓർഡിനേറ്റർ) എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## ജമ്മു കശ്മീരിന്റെ സംസ്ഥാന പദവി എന്ന് തിരികെ കൊടുക്കുക്കുമെന്ന് സുപ്രീംകോടതി

ശ്രീനഗർ:ജമ്മുകശ്മീരിന് സംസ്ഥാനപദവി എപ്പോൾ തിരികെ കൊടുക്കുമെന്ന് കേന്ദ്രസർക്കാരിനോട് സുപ്രീംകോടതി. അനുച്ഛേദം 370 റദ്ദാക്കി ജമ്മു കശ്മീരിന്റെ പ്രത്യേക പദവിയെടുത്ത് കളഞ്ഞ കേന്ദ്രസർക്കാർ നടപടിക്കെതിരെയുള്ള ഹർജികളിൽ വാദം കേൾക്കുന്നതിനിടെയായിരുന്നു സുപ്രീംകോടതിയുടെ സുപ്രധാന ചോദ്യം. ജനാധിപത്യം പുനഃസ്ഥാപിക്കേണ്ടത് പരമപ്രധാനമെന്നും കോടതി വ്യക്തമാക്കി.


## നിങ്ങൾ ഒരു പരസ്യം നൽകുമ്പോൾ

**ക്രിസ്ത്യൻ ലൈവിലേക്ക് നിങ്ങൾ ഒരു പരസ്യം നൽകുമ്പോൾ യഥാർത്ഥത്തിൽ എന്താണ് സംഭവിക്കുന്നത്?**

1. ഫെയ്സ്ബുക്കിലൂടെ

മിഡിൽ ഈസ്റ്റ് ക്രിസ്ത്യൻ ലൈവിന്റെ ഫെയ്സ്ബുക്ക് കൂട്ടായ്മയിലൂടെ ലക്ഷക്കണക്കിനാളുകളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു:
Middle East Christian Youth Minitsries

2 യൂ ട്യൂബിലൂടെ

ക്രിസ്ത്യൻ ലൈവ് യൂ ട്യൂബിലൂടെ ലക്ഷക്കണക്കിനാളുകളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു:
Christian Live

3 ഡിജിറ്റൽ ദിനപത്രത്തിലൂടെ

ക്രിസ്ത്യൻ ലൈവ് മലയാളം ദിനപത്രത്തിലൂടെ ആയിരങ്ങളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു.
Christian Live Digital Daily

4 ഡിജിറ്റൽ വീക്ക്ലിയിലൂടെ

വിംഗ്സ് ഓഫ് ഹോപ്പ് ഇംഗ്ലിഷ് വീക്ക്ലിയിലൂടെ മുപ്പതിലധികം രാജ്യങ്ങളി വിവിധ ജനവിഭാഗങ്ങളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു:
Wings of Hope

5 ന്യൂസ് പേപ്പറിലൂടെ

ക്രിസ്ത്യൻ ലൈവ് ന്യൂസ് പേപ്പറിലൂടെ യുഎഇയുടെ മിക്ക ഭാഗങ്ങളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു. Christian Live Dubai Edition

6 വെബ്സൈറ്റിലൂടെ

ഓരോ മണിക്കൂറിലും അപ്ഡേറ്റ് ചെയ്യുന്ന വാർത്തകൾ കാണാനായി ആയിരങ്ങൾ സന്ദർശിക്കുന്ന ക്രിസ്ത്യൻ ലൈവ് വെബ് സൈറ്റിലൂടെ ജനങ്ങളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു:
www.christianlive in

**അപ്പോൾ ഇനി മടിച്ചു നിൽക്കണോ?**
**ഒട്ടും വൈകേണ്ട ഇപ്പോൾ തന്നെ**
**ഞങ്ങളെ വിളിക്കുക:**
India: +91 98465 52220
UAE: +971 55 862 1000

### Christian Live (Malayalam) Advertisement Tariff

| | |
|---|---|
| **Full Page** | **Quarter Page** |
| Front – 5000 INR | Front - 1250 INR |
| Back – 4000 INR | Back - 1000 INR |
| Inside- 3000 INR | Inside- 750 INR |
| **Half Page** | **Half of Quarter Page** |
| Front - 2500 INR | Front - 750 INR |
| Back- 2000 INR | Back - 500 INR |
| Inside -1500 INR | Inside- 250 INR |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും



EDITORIAL BOARD

Chief Editor:
Blessin John Malayil
Managing Editor
Aji George
Publisher
Nelson George

Editors:
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas, Oklahoma.

+91 9188522220 +91 9846552220
Email: cnl7news@gmail.com

Layout: Shaji Vazhoor ... 9656571354

# മണിപ്പൂരിൽ വീണ്ടും വെടിവയ്പ്; മൂന്നുപേർ കൊല്ലപ്പെട്ടു



ഇംഫാൽ:മണിപ്പൂരിൽ സമാധാന ശ്രമങ്ങൾക്കിടയിലും ആക്രമണങ്ങൾക്കു അയവില്ല. മെയ്തി വിഭാഗത്തിന് ആധിപത്യമുള്ള ബിഷ്ണപൂർ ജില്ലയിലെ നരൻസിന ഗ്രാമത്തിൽ ഇന്നലെയുണ്ടായ വെടിവെയ്പിൽ രണ്ട് കർഷകർ ഉൾപ്പടെ മുന്ന് കൊല്ലപ്പെട്ടു. ഏഴുപേർക്ക് പരുക്കേറ്റു.

ചൊയ്റൻടക്കിൽ പോലീസ് ആക്രമണത്തിൽ ഗ്രാമത്തിന് കാവൽനിന്ന ഒരു കുക്കി യുവാവും കൊല്ലപ്പെട്ടിട്ടുണ്ട്. ഇതോടെ, നാല് മാസത്തോളമായി തുടരുന്ന ആക്രമണത്തിൽ മരിച്ചവരുടെ എണ്ണം 157 ആയി. നരൻസിനയിൽ പാടത്ത് പണിയെടുക്കുന്നവർക്കുനേരെയാണ് ആക്രമികൾ വെടിയുതിർത്തത്. കുക്കി കലാപകാരികളാണ് ആക്രമണം നടത്തിയതെന്നാണ് സംശയം. മരിച്ച രണ്ടു പേരും മെയ്തി വിഭാഗത്തിൽ പെടുന്നവരാണ്. പരുക്കേറ്റവരെ ഇംഫാലിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പ്രദേശത്തെ സ്ഥിതിഗതികൾ നിയന്ത്രണവിധേയമാക്കിയതായി പോലീസ് അറിയിച്ചു. സമാധാനം പുനഃസ്ഥാപിച്ചെന്ന് കേന്ദ്രസംസ്ഥാന സർക്കാരുകൾ നൽകിയ ഉറപ്പിലാണ് കർഷകർ വിവിധയിടങ്ങളിൽ പണിക്കിറങ്ങിയത്.

ചൊയ്റൻടക്കിൽ നടന്ന ആക്രമണത്തിൽ ജംഗ്മിൻലുൻ ഗാങ്ടെ എന്ന യുവാവാണ് കൊല്ലപ്പെട്ടത്. ചൊയ്റൻടക് മേഖലയ്ക്കും തിനംഗേയ് മേഖലയ്ക്കും ഇടയിൽ കനത്ത വെടിവയ്പാണ് നടക്കുന്നതെന്ന് വൃത്തങ്ങൾ സൂചിപ്പിക്കുന്നു. തിനംഗേയിൽ മലയടിവാരത്തിൽ കലാപകാരികളെന്ന് സംശയിക്കുന്നവരിൽനിന്ന് ഒരു കർഷകനും വെടിയേറ്റിട്ടുണ്ട്.

നെൽവയലിലേക്ക് പോകുന്നതിനിടെയായിരുന്നു ആക്രമണം. നെഞ്ചിൽ വെടിയേറ്റ കർഷകനെ ഇംഫാലിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇയാളുടെ നില ഗുരുതരമാണെന്ന് ഡോക്ടർമാർ അറിയിച്ചു. ഓഗസ്റ്റ് 18 ന് ഉഖ്രൂളിലെ തവായ് കുക്കി ഗ്രാമത്തിൽ മൂന്ന് ഗ്രാമ വളന്റിയർമാർ കൊല്ലപ്പെട്ടതിന് 10 ദിവസത്തിന് ശേഷമാണ് ഈ ആക്രമണം നടക്കുന്നത്.

# വിക്ലിഫ് ഇന്ത്യാ സമ്മേളനവും സംഗീത വിരുന്നും തിരുവല്ലയിൽ

തിരുവല്ല: ദൈവവചന പരിഭാഷ രംഗത്ത് പ്രവർത്തിച്ചു വരുന്ന വിക്ലിഫ് ഇന്ത്യ വിവിധ സഭകളുടെ സഹകരണത്തോടെ നടത്തപ്പെടുന്ന ആത്മീയ സമ്മേളനവും സംഗീതവിരുന്നും സെപ്റ്റംബർ 3 ഞായർ വൈകിട്ട് 5.30 ന് മഞ്ഞാടി ഐപിസി പ്രയർ സെന്ററിൽ നടക്കും. സീനിയർ ശുശ്രൂഷകൻ പാ. രാജു പൂവക്കാല ഉദ്ഘാടനം നിർവ്വഹിക്കും. വിക്ലിഫ് ഇന്ത്യ സി.ഇ.ഒ ഇവാ. സാം കൊണ്ടാഴി അദ്ധ്യക്ഷനായിരിക്കും. ന്യൂ ഇന്ത്യാ ബൈബിൾ സെമിനാരി പ്രിൻസിപ്പൽ ഡോ. ജോൺ അലക്സ് മുഖ്യസന്ദേശം നൽകും. ഇവാ. ജിജി മാത്യു മിഷൻ ഫീൽഡിലെ അനുഭവങ്ങൾ പങ്കുവെയ്ക്കും. വിക്ലിഫ് ഇന്ത്യയുടെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ചു ള്ള വീഡിയോ പ്രദർശനം ഉണ്ടായിരിക്കും. പ്രെയർ സെന്റർ ക്വയർ ഗാനശുശ്രൂഷ നിർവ്വഹിക്കും.

മാധ്യമപ്രവർത്തകരായ ടോണി വർഗ്ഗീസ്, മോൻസി പി. മാമ്മൻ, പാ. അച്ചൻ കുഞ്ഞ് ഇലന്തൂർ, പാ. സാംകുട്ടി ചാക്കോ നിലമ്പൂർ, പാ. സി.പി. മോനായി, പാ. സാം പനച്ചിയിൽ, ജോജി ഐപ്പ് മാത്യൂസ്, ഐ.സി.പി.എഫ് മിഷൻ സെക്രട്ടറി ഉമ്മൻ പി. ക്ലമൻസൺ എന്നിവർ ആശംസകൾ അറിയിക്കും.

വിക്ലിഫ് ഇന്ത്യയുടെ മുൻനിര പ്രവർത്തകരായ എബി ചാക്കോ ജോർജ്, വർഗ്ഗീസ് ബേബി, സിജോ ചെറിയാൻ, ടോണി ഡി. ചെവ്വൂക്കാരൻ എന്നിവർ സമ്മേളനത്തിൽ പങ്കെടുക്കും. പ്രോഗ്രാം കമ്മറ്റി കൺവീനർമാരായ പാസ്റ്റേഴ്സ് ജോബി വർഗ്ഗീസ്, സാബു മാത്യു, ഫിലിപ്പ് ടി.എം, ബ്രദർ എം. ജി. മാത്തുണ്ണി എന്നിവർ നേതൃത്വം നൽകും.

# ആകാശത്ത് ബ്ലൂ മൂൺ ഇന്ന് ; അപൂർവ പ്രതിഭാസം ഇനി 14 വർഷങ്ങൾക്ക് ശേഷം മാത്രം

വാഷിംഗ്ടൺ:ചന്ദ്രൻ അതിന്റെ ഭ്രമണ പഥത്തിൽ ഭൂമിയോട് ഏറ്റവും അടുത്ത നിൽക്കുന്ന ഘട്ടം സൂപ്പർ മൂൺ അപൂർവ പ്രതിഭാസം ഇന്ന് ദൃശ്യമാകും . ഈ സമയത്ത് ചന്ദ്രൻ സാധാരണയെക്കാൾ ഏറെ വലുപ്പത്തിലും വെളിച്ചത്തിലും കാണാനാകും. നാല് പൂർണ ചന്ദ്രന് ശേഷം വരുന്ന പൂർണ ചന്ദ്രനെയാണ് ബ്ലൂ മൂൺ എന്ന് പറയുന്നത്. ഈസ്റ്റേൺ ഡേലൈറ്റ് ടൈം പ്രകാരം ഈ മാസത്തെ രണ്ടാം സൂപ്പർ മൂൺ ഇന്ന് രാത്രി 7.30ന് കാണാം. ഇന്ത്യയിൽ ഇന്ന് രാത്രി 9.30ന് ആരംഭിക്കുന്ന ബ്ലൂ മൂൺ പാരമ്യത്തിൽ എത്തുക നാളെ രാവിലെ 7.30 വരെയാണ്. നാസ നൽകുന്ന വിവരം പ്രകാരം അടുത്ത സൂപ്പർ ബ്ലൂ മൂൺ സംഭവിക്കുക 14 വർഷങ്ങൾക്ക് ശേഷമാകും. 2037 ജനുവരിയിലും പിന്നാലെ മാർച്ചിലുമാണ് ഇനി അടുത്ത സൂപ്പർ ബ്ലൂ മൂൺ.

# ചന്ദ്രനിൽ സൾഫർ സാന്നിധ്യം: ചന്ദ്രയാൻ 3



ബാംഗ്ളൂർ:ചന്ദ്രോപരിതലത്തിൽ സൾഫർ സാന്നിധ്യം സ്ഥിരീകരിച്ച് ചന്ദ്രയാൻ 3. റോവർ നടത്തിയ ശാസ്ത്രീയ പരിശോധനയിലാണ് ചന്ദ്രന്റെ ഉപരിതലത്തിൽ സൾഫർ ഉണ്ടെന്ന് സ്ഥിരീകരിച്ചത്. മണ്ണിൽ നേരിട്ടെത്തിയുള്ള പരീക്ഷണത്തിൽ ആദ്യമായാണ് സൾഫർ ഉണ്ടെന്ന് കണ്ടെത്തുന്നത്.
സൾഫറിന് പുറമെ അലുമിനിയം, കാത്സ്യം, അയേൺ, ക്രോമിയം, ടൈറ്റാനിയം, മാംഗനീസ്, സിലിക്കൺ, ഓക്സിജൻ എന്നീ മൂലകങ്ങളുടെ സാന്നിധ്യവും പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ചന്ദ്രയാൻ 3 ന്റെ പ്രഗ്യാൻ റോവറിലുള്ള ലേസർ ഇൻഡ്യൂസ്ഡ് ബ്രേക്ക്ഡൗൺ സ്പെക്ട്രോസ്കോപ് (ലിബ്സ്) നടത്തിയ പരിശോധനയിലാണ് ഇവയെല്ലാം കണ്ടെത്തിയത്.

ചന്ദ്രോപരിതലത്തിൽ ലിബ്സ് നടത്തിയ പരിശോധനയുടെ എമിഷൻ സ്പെക്ട്രവും ഐഎസ്ആർഒ പുറത്തുവിട്ടു. ഐഎസ്ആർഒയുടെ ബെംഗളൂരുവിലുള്ള ഇലക്ട്രോ ഒപ്റ്റിക്സ് സിസ്റ്റം ലബോറട്ടറിയാണ് ലിബ്സ് നിർമിച്ചത്. ചന്ദ്രോപരിതലത്തിൽ പരിശോധനകൾ തുടരുകയാണെന്നും ഹൈഡ്രജൻ കണ്ടെത്താനുള്ള ശ്രമത്തിലാണെന്നും ഐഎസ്ആർഒ അറിയിച്ചു.

## ഷാർജാ ഗോസ്പൽ ഫെസ്റ്റ്; പാ. ഷിബു തോമസ് ഒക്കലഹോമ മുഖ്യാതിഥി

ഷാർജ: ഷാർജ ഗോസ്പൽ സെന്ററിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 24, 25 തിയതികളിൽ വൈകിട്ട് 7.30 ന് ഗോസ്പൽ ഫെസ്റ്റ് ’23 സംഘടിപ്പിക്കുന്നു. പാസ്റ്റർ ഷിബു തോമസ് ഒഖ്ലഹോമ ആയിരിക്കും മുഖ്യപ്രഭാഷണം.

ഷാർജാ വർഷിപ്പ് സെന്ററിന്റെ മെയിൻ ഹാളിൽ സംഘടിപ്പിച്ചിരിക്കുന്ന സമ്മേളനം ഐ പി സി യു എ ഇ റീജിയൻ പ്രസിഡണ്ട് റവ. ഡോ. വിൽസൺ ജോസഫ് ഉദ്ഘാടനം ചെയ്യും. സഭാ ശുശ്രൂഷകൻ റവ. ഡോ. സൈമൺ ചാക്കോ അധ്യക്ഷത വഹിക്കും. ഗോസ്പൽ സെന്റർ ക്വയർ ആരാധനയ്ക്ക് നേതൃത്വം നൽകും.
വിവരങ്ങൾക്ക്:
പാ.സൈമൺ ചാക്കോ: 055 8060991,
ബ്രദ. എബ്രഹാം തോമസ് മേലേടത്ത്:050 7754386

## ഭക്തസംഗീതം ഗാനശുശ്രൂഷ സെപ്റ്റം. 24 ന് ബെംഗളൂരുവിൽ

ബെംഗളൂരു: മൺമറഞ്ഞു പോകാത്ത 250 ൽ പരം ഗാനങ്ങൾക്ക് തൂലിക ചലിക്കുകയും 300 ൽ അധികം ഗാനങ്ങൾക്ക് സംഗീതം പകരുകയും ചെയ്ത പാസ്റ്റർ ഭക്തവത്സലന്റ ഗാനങ്ങൾ കോർത്തിണക്കി സെപ്റ്റംബർ 24ന് ബെംഗളൂരുവിൽ ഭക്തസംഗീതം പരിപാടി നടത്തുന്നു.
ബാംഗ്ലൂരിലെ വിവിധ ക്രൈസ്തവ സഭാ വിശ്വാസികളുടെയും മിഷനറി പ്രവർത്തകരുടെയും ഐക്യ കൂട്ടായ്മയായ ബാംഗ്ലൂർ യുണൈറ്റഡ് ക്രിസ്ത്യൻസ് നേതൃത്വത്തിൽ
ലിംഗരാജപുരം ഇന്ത്യാ ക്യാംപസ് ക്രൂസൈഡ് ഓഡിറ്റോറിയത്തിൽ സെപ്റ്റംബർ 24 വൈകിട്ട് 5.30 മുതലാണ് സംഗീത പരിപാടി നടത്തുന്നത്.
പ്രശസ്ത ക്രൈസ്തവ ഗായകരായ ഇമ്മാനുവേൽ ഹെൻട്രി, ബിനു ചാരുത തുടങ്ങിയവർ ഗാനങ്ങൾ ആലപിക്കും.
വിവിധ ക്രൈസ്തവ സഭാ നേതാക്കൾ, മിഷനറി പ്രവർത്തകർ, വിശ്വാസികൾ, ഭക്തവത്സലൻ കുടുംബാംഗങ്ങൾ എന്നിവർ പങ്കെടുക്കും.
ഭക്തസംഗീതം പരിപാടിയുടെ ജനറൽ കൺവീനറായി പാസ്റ്റർ ജോസ് മാത്യൂ, പാസ്റ്റർ ജോസഫ് ജോൺ, ബ്രദർ. ബിജു മാത്യൂ (ജോയിന്റ് കൺവീനേഴ്സ്) എന്നിവരൊടൊപ്പം വിവിധ കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്.

# അഗാപ്പെയുടെ നിഴലിൽ



ബിജു ജോസഫ് ഷാർജ

**അ**വൻ രക്തത്തിൽ മുക്കിയ മേലങ്കി ധരിച്ചിരിക്കുന്നു അവന്റെ നാമം ദൈവവചനമെന്നാണ്. (വെളിപ്പാട് 19:13)
ഈ വചനം... സാക്ഷാൽ ദൈവ വചനം അത് എഴുതിപ്പിച്ച പരിശുദ്ധാത്മാവെന്ന സമർത്ഥനായ ലേഖകൻ അതിന്റെ മർമങ്ങൾ നമുക്ക് വെളിപ്പെടുത്തി തരട്ടെ.

ദൈവത്തിനു മനുഷ്യ മക്കളോടുള്ള സ്നേഹം അതാണ് അഗാപ്പെ, ഒറ്റവാക്കിൽ ക്രിസ്തീയ സ്നേഹം അഥവാ കൃസ്തുവിന്റെ സ്നേഹം നമ്മെ താങ്ങി നിർത്തുന്ന നിസ്വാർത്ഥമായ നിത്യ സ്നേഹം. ഈ സ്നേഹം ലഭിച്ചവൻ, ക്രിസ്തുവിന്റെ അനുയായി, താൻ ആരെ പിന്തുടരുന്നു എന്ന് വെളിപ്പാട് ലഭിച്ചവൻ, അവന്റെ പാത തന്നെ പിന്തുടരണം, ആത്മാവിൽ ആ മാർഗദർശിയെ കൂടെ കൂട്ടുകയും വേണം എങ്കിലേ അവൻ പ്രവർത്തിച്ചത് നമുക്കും പ്രവർത്തിക്കാൻ കഴിയൂ. ആ അഗാപ്പെയുടെ ജീവന്റെ അക്ഷരീകമായ വെളിപ്പെടുത്തൽ കൂടിയായിരുന്നു ക്രിസ്തുവിന്റെ ജീവിതം.
ഈ ജീവിതമാണ് ശിഷ്യത്വത്തിലേക്കു വരാനും വളരാനും ആഗ്രഹിക്കുന്ന ഒരു ദൈവപൈതൽ ആർജിച്ചു പിന്തുടരേണ്ടത്. ഈ അഗാപ്പെയുടെ ശക്തിയിൽ വളരുന്ന വ്യക്തി, താൻ അമൂല്യമെന്നു കരുതി ഒട്ടക കോപ്പിനുള്ളിൽ നിക്ഷേപിച്ചു വെച്ചിരിക്കുന്ന പൈതൃക സംഭാവനകളെ കരുവേലകത്തിന്റെ കീഴിൽ കുഴിച്ചിട്ടു മറയ്ക്കാൻ ഒരു മടിയും ഉണ്ടാവുകയില്ല. ഈ അഗാപ്പെയുടെ ആത്മാവിൽ വളരുന്ന വ്യക്തിക്ക് തന്റെ ഹൃദയനിക്ഷേപ പെട്ടിയിൽ വീഴുന്ന.. വീണ പുതിയതിനെയും പഴയതിനെയും ശോധന കഴിക്കുവാനുള്ള വിവേചന ശക്തി കൈവന്നു ചേരും. കുതിപ്പിന്റെ ആർജ്ജവത്തെ ക്ഷീണിപ്പിക്കുന്ന, വർജിക്കേണ്ട ഘനമേറിയ നുകം അഥവാ ചുമട് ഇറക്കിവെയ്ക്കാൻ സഹായിക്കുന്ന വിവേചന ശക്തി. അഗാപ്പെ ഒരാളിൽ നിറയുന്നതിനനുസരിച്ചു ലഭിക്കുന്ന സ്വർഗീയ സംഭാവനകളാണ് കൃപയും കൃപാവരങ്ങളും. ഈ നിറവിൽ നമ്മിൽ വെളിപ്പെടുന്ന ആത്മാവിന്റെ ഫലം ആക്ഷരികമായ തന്നെ മറ്റുള്ളവർക്കു കാണാൻ കഴിയും.

ഈ സ്നേഹത്തിലൂടെ വിശ്വാസവും പ്രത്യാശയും നമ്മിൽ വർദ്ധിക്കുകയും ഒപ്പം ആത്മീക ജഡശുദ്ധിയും നമ്മിൽ കൈവരുന്നു. ലോകസ്നേഹത്തിന്റെ അവസാന അംശവും നമ്മിൽ മരിക്കുന്നതു ഈ സ്നേഹത്തിന്റെ നിറവിലാണ്. സത്യം സ്വാതന്ത്ര്യത്തോടെ മുഖം നോക്കാതെ ഭയം കൂടാതെ എവിടെയും ആരുടെ മുമ്പിലും വിളിച്ചു പറയാൻ ശക്തി ലഭിക്കും. വാളിനും തീയ്ക്കും സിംഹത്തിനും മരണത്തിനും മുൻപിൽ ഭയപ്പെടില്ല, പാറപോലെ ഉറച്ചു നില്കും. ഈ അഗാപ്പെ നൽകുന്ന ബലം അത്ര വലുതാണ്. അഗാപ്പയിൽ ജീവിക്കുന്നവൻ തന്നെത്താൻ ത്യജിക്കും, തന്റെ കുരിശു ചുമക്കുന്നതോടൊപ്പം മറ്റുള്ളവരെയും ചുമക്കും, ചേർത്തുനിർത്തുകയും ചെയ്യും. കഷ്ടതയും പ്രതികൂലങ്ങളെയും ദൈവീക പരിജ്ഞാനത്തിൽ ഗ്രഹിക്കാനും ഉൾക്കൊള്ളുവാനുമുള്ള കൃപ ലഭിക്കുന്നു.
കൃസ്തുവിലെ അഗപ്പേയാൽ ഞാൻ ചുമക്കേണ്ടുന്ന ക്രൂശു മാറിപ്പോയി, ഞാൻ കൊള്ളേണ്ട അടികൾ മുഴുവൻ ആ ശരീരത്തിൽ ഏറ്റു, ഞാൻ അനുഭവിക്കേണ്ട നിന്ദ പരിഹാസം സകലതും ഏറ്റു ഒടുവിൽ മുൾകിരീടവും ചൂടി മൂന്നാണികളാൽ ക്രൂശിൽ തൂങ്ങി. സ്നേഹിതനുവേണ്ടി തന്റെ ജീവനെ വെച്ച് കൊടുക്കുന്നതിനേക്കാൾ വലിയ സ്നേഹം ഇല്ലെന്ന പുതിയ കല്പന കൊടുത്തവൻ അത് പാലിക്കാതെ അല്ല, ആ സ്നേഹത്തിന്റെ അഗാപ്പെയുടെ കല്പന നിവർത്തിയാക്കി തന്നെയാണ് പോയത്.
ഞാൻ ശത്രുവായിരുന്നപ്പോൾ തന്നെ ഞാൻ മരിക്കേണ്ടിയിരുന്നിടത്തു എന്നെ രക്ഷിക്കാൻ അവൻ തന്നെ താൻ മറുവിലയായി കൊടുത്തു.
ദൈവവും ഞാനുമായുള്ള ശത്രുത്വം എന്നേക്കും മാറ്റുവാൻ പാപത്തിന്റെ ശമ്പളമായ മരണം, അവൻ എനിക്ക് വേണ്ടി കൈപറ്റി. കാൽവറിക്രൂശിലെ ഒഴുക്കു നിലയ്ക്കാത്ത ജീവന്റെ ഉറവയാണ് അഗാപ്പെ.

ആദ്യത്തെ ആദം എന്നിൽ പാകിയ പാപവൃക്ഷത്തിന്റെ വിത്ത് എന്നെ നിത്യമരണത്തിൽ പാതാള

> **സ്വർഗത്തിൽ സ്ഥിരമായി അപവാധി നമുക്കെതിരെ കുറ്റാരോപണവുമായ് കടന്നു ചെല്ലുമ്പോൾ നമുക്കുവേണ്ടി പക്ഷവാദം പറയുവാൻ നമ്മുടെ വക്കീൽ ഈ രക്തം മുക്കിയ മേലങ്കി ധരിച്ചിരിക്കുന്നു**

ഗോപുരത്തിൽ എന്നെ കടക്കു മാറാക്കുമായിരുന്നെങ്കിൽ ഒടുവിലത്തെ ആദം സാക്ഷാൽ അഗാപ്പെയായ് വന്നു പിതൃ പാപത്തിൽ മരിച്ച എന്നെ ആത്മാവിൽ വീണ്ടും ജനിപ്പിച്ചു. അവൻ പാകിയ അഗാപ്പെയുടെ വിത്ത് നൂറുമേനിയായ വളർന്നു നിത്യ ജീവ വൃക്ഷമായി പിതാവിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽ നിന്ന് പുറപ്പെടുന്ന ശുദ്ധവും ശുഭ്രവുമായ പളുങ്കു നദിയുടെ കരയിൽ എന്നെ കൊണ്ടുവന്നു എത്തിക്കും നിശ്ചയം.
യേശു ക്രൂശിൽ ബാക്കിവെച്ച ഒടുവിലത്തെ ചോരയും വെള്ളവും പാപത്തിന്റെ വിഷമുള്ള എന്നിലെ അശുദ്ധ രക്തം മുഴുവനും മാറ്റുവാൻ ഒരു ആത്മീയ ഡയാലിസിസിലൂടെ എന്നെ വീണ്ടും ജനിപ്പിച്ചു. ഈ രക്തം സാക്ഷാൽ അഗാപ്പയുടെ രക്തം ആണ്. ഈ ജീവന്റെ രക്തത്തിൽ ആണ് നമ്മുടെ കടും ചുവപ്പു നിറമുള്ള പാപങ്ങൾ മുക്കി ഹിമം പോലെ വെണ്മയുള്ളതാക്കി മാറ്റുന്നത്. ക്രിസ്തുവിൽ വീണ്ടും ജനിച്ച ഞാൻ ആ പരിശുദ്ധ രക്തത്തെ മലിനമാക്കരുത്, ആ രക്തത്തിന്റെ പരിശുദ്ധിയിൽ ജീവന്റെ പുതുക്കത്തിൽ മലിനത ഒട്ടും കലർത്താതെ ജീവിക്കുക.
മരുഭൂമിയുടെ കൊടുംചൂടിൽ വെന്തു പോകാതിരിക്കാൻ മേഘത്തണലായും ഇരുട്ടിന്റെ മരണവിഷം തീണ്ടാതിരിക്കാൻ രാത്രിയിൽ അഗ്നിസ്തംഭം രക്ഷപ്രകാശമായും മരുഭൂയാത്രയിൽ പിതൃവാത്സല്യത്തിന്റെ അടയാളമായ് അഥവാ ഉറപ്പുള്ള സംരക്ഷണ വലയമായ വെളിപ്പെട്ടു, ഹാ ദൈവത്തിന്റെ അഗാപ്പെയുടെ ആഴം എത്ര വലിയത്.

ക്രിസ്തീയ ജീവിതം ആസ്വാധ്യകരമായ ഒരു സൗഭാഗ്യ ജീവിതമായി മാറണമെങ്കിൽ ഈ അഗാപ്പെ നമ്മിൽ അനുദിനം നിറയണം, അതിനായ് ദാഹിക്കണം. ഈ ഉറവ തേടി എങ്ങും പോകണ്ട നമ്മുടെ പ്രാർത്ഥന മുറിയിൽ ഗോൽഗോഥായിൽ മൂന്നാണികളിൽ തൂങ്ങി കിടക്കുന്ന ക്രിസ്തുവിനെ ആത്മാവിൽ കണ്ടു ധ്യാനിക്കണം.

കാൽവരി ക്രൂശിൽ ക്രിസ്തുവിൽ അഗാപ്പെയുടെ ഒരംശം മാത്രമേ വെളിപ്പെട്ടിട്ടുള്ളു, പൂർണ്ണ രൂപം ഇനിയും വെളിപ്പെട്ടിട്ടില്ല. മനുഷ്യന്റെ കണ്ണിനു കാണാനും അവന്റെ ബുദ്ധിക്കു ഉൾകൊള്ളാനും കഴിയും വിധം അംശമായ് വെളിപ്പെട്ടുവെന്നു മാത്രം. അംശമായതിനു ഇത്ര ശക്തിയും ലാവണ്യവും മധുരവുമാണെങ്കിൽ പൂർമായി വെളിപ്പെട്ടാലുള്ള അവസ്ഥ നമ്മുടെ ചിന്തകൾക്ക് അതീതമാണ്.

നോക്കു വെളിപ്പാട് 19 :13 ൽ യോഹന്നാൻ കണ്ട കൃസ്തുവിനെ, അവൻ രക്തത്തിൽ മുക്കിയ മേലങ്കി ധരിച്ചിരിക്കുന്നു അവന്റെ നാമം ദൈവ വചനമെന്നാണ്. ഇത് സാക്ഷാൽ ദൈവ വചനം ജഡമായി കൃപയും സത്യവും ഉള്ളവനായ നമ്മുടെ ഇടയിൽ പാർത്തു നമുക്കുവേണ്ടി കാൽവരിയുടെ ഉയരങ്ങളിൽ തകർക്കപ്പെട്ട സാക്ഷാൽ പെസഹാ കുഞ്ഞാട് തന്നെയല്ലയോ.

സ്വർഗത്തിൽ സ്ഥിരമായി അപവാധി നമുക്കെതിരെ കുറ്റാരോപണവുമായ് കടന്നു ചെല്ലുമ്പോൾ നമുക്കുവേണ്ടി പക്ഷവാദം പറയുവാൻ നമ്മുടെ വക്കീൽ ഈ രക്തം മുക്കിയ മേലങ്കി ധരിച്ചിരിക്കുന്നു. പിശാചെന്ന അപവാധി പിടിച്ചു വെച്ചിരിക്കുന്ന ജീവിതങ്ങളെ.. നമ്മളെ ദൈവം ഏല്പിച്ചിരിക്കുന്നു ജീവിതങ്ങളെ രക്ഷിച്ചു സ്വർഗ്ഗരാജ്യത്തിൽ എത്തിക്കുവാൻ ഈ മേലങ്കി നമുക്കും ആവശ്യമാണ്. ഇത് സാധാരണ ലഭിക്കുന്ന മേലങ്കി അല്ലാത്തതിനാൽ അതിനു വിലകൊടുക്കണം.
അത് എന്നിൽ വീഴുവാൻ, കുടുംബങ്ങളുടെ മേൽ വീഴുവാൻ, സഭയുടെ മേൽ വീഴുവാൻ, നേതൃത്വനിരകളുടെമേൽ വീഴുവാൻ പ്രാർത്ഥിച്ചു ഒരുമനപ്പെട്ടു കാത്തിരിക്കുക. ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുമാറാകട്ടെ.

# പ്രാർത്ഥന സഫലീകരണത്തിന് നന്ദി സൂചകമായി ഇംഗ്ലണ്ടിൽ ക്രൈസ്തവ സ്മാരകം ഒരുങ്ങുന്നു



ബർമിങ്ഹാം: ക്രൈസ്തവ വിശ്വാസികളുടെ പ്രാർത്ഥന സഫലീകരിച്ചതിന്റെ നന്ദി സൂചകമായി ഇംഗ്ലണ്ടിൽ നിർമ്മിക്കുന്ന 'ദ ഇറ്റേണൽ വാൾ ഓഫ് ആൻസേർഡ് പ്രയർ' എന്ന സ്മാരകത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ഇതിന്റെ നിർമ്മാണം 2026ൽ പൂർത്തിയാകുമെന്നാണ് കരുതപ്പെടുന്നത്. 10 ലക്ഷം ഇഷ്ടികകൾ ഉപയോഗിച്ചാണ് ഇംഗ്ലണ്ടിലെ ബർമിങ്ഹാമിന് സമീപത്തായി സ്മാരകം നിർമ്മിക്കുന്നത്. ഓരോ ഇഷ്ടികയും വിശ്വാസികളുടെ പ്രാർത്ഥനയെയാണ് സൂചിപ്പിക്കുന്നതെന്ന് പദ്ധതിക്ക് തുടക്കം കുറിച്ച റിച്ചാർഡ് ഗാമ്പിൾ എന്ന വ്യക്തി വെളിപ്പെടുത്തി.

19 വർഷങ്ങൾക്കു മുമ്പ് ഈസ്റ്റർ ദിനത്തിൽ കുരിശ് എടുത്ത് തന്റെ ജന്മദേശമായ ലെയ്സസ്റ്ററിന് സമീപത്തുകൂടി നടക്കണമെന്നുള്ള ദൈവസ്വരം ശ്രവിച്ചതാണ് ഇങ്ങനെ ഒരു സ്മാരകം നിർമ്മിക്കാൻ തനിക്ക് പ്രേരണയായതെന്നു റിച്ചാർഡ് ഗാമ്പിൾ പറഞ്ഞു. ഈ സമയത്ത് റിച്ചാർഡ് ഒരു ദേവാലയത്തിലെ പാസ്റ്റർ ആകാനുള്ള തയ്യാറെടുപ്പിലായിരുന്നു. എന്താണ് ഇപ്പോൾ താൻ ചെയ്യേണ്ടതെന്ന് ദൈവത്തോട് ചോദിച്ചപ്പോൾ ഇങ്ങനെ ഒരു സ്മാരകത്തിന്റെ ചിത്രം മനസ്സിലൂടെ മിന്നി മറഞ്ഞുവെന്ന് അദ്ദേഹം ഓർത്തെടുത്തു. ഒരു എൻജിനീയറോ, ആർക്കിടെക്റ്റോ ഒന്നുമല്ലാതിരുന്നതിനാൽ എങ്ങനെ ഒരു സ്മാരകം പണിയണമെന്ന് ആദ്യം സംശയം ഉണ്ടായിരുന്നെങ്കിലും, പ്രാർത്ഥനകൾക്ക് ശേഷം 9 വർഷം മുമ്പ് സ്മാരകത്തിന്റെ പണി തുടങ്ങിവയ്ക്കാൻ താൻ തീരുമാനമെടുക്കുകയായിരുന്നു.

# നൈജറിന് പിന്നാലെ ഗബോണിലും പട്ടാള അട്ടിമറി

ലിബ്രെവില്ലെ:മധ്യാഫ്രിക്കൻ രാജ്യമായ ഗബോണിൽ പട്ടാള അട്ടിമറി. രാജ്യത്തിന്റെ ഭരണ ചുമതലയേറ്റെടുത്തതായി സൈനിക മേധാവികൾ പ്രഖ്യാപിച്ചു. തിരഞ്ഞെടുപ്പ് ഫലം വന്നതിന് തൊട്ടു പിന്നാലെയാണ് പ്രഖ്യാപനം നടത്തിയത്. തിരഞ്ഞെടുപ്പ് പ്രക്രിയ വിശ്വാസയോഗ്യമല്ലെന്നും ഗബോണീസ് ജനതയുടെ ആഗ്രഹമാണ് തങ്ങൾ നടപ്പാക്കുന്നതെന്നും സൈന്യം വ്യക്തമാക്കി.
ബുധനാഴ്ച പുലർച്ചെ ദേശീയ ടെലിവിഷനിലൂടെയാണ് അധികാരം പിടിച്ചെടുത്തതായി ഗബോണീസ് സൈനിക ഉദ്യോഗസ്ഥർ അറിയിച്ചത്. അലി ബോംഗോ ഒൻഡിംബയെ മൂന്നാം തവണയും പ്രസിഡന്റ് പദവിയിലെത്തിച്ച തിരഞ്ഞെടുപ്പ് ഫലം ശനിയാഴ്ചയാണ് പുറത്തുവന്നത്. തിരഞ്ഞെടുപ്പ് സുതാര്യമല്ലെന്ന ആരോപണവുമായി പ്രതിപക്ഷവും രംഗത്തെത്തിയിരുന്നു. ഇതിനിടെയാണ് രാജ്യത്തെ പട്ടാള അട്ടിമറി.

CNL7 MEDIA
Vol. 2 Issue 208
# CHRISTIANLIVE DAILY
30 Wednesday
Pages 5
577




